(ഡി) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം, സീതത്തോട് എന്നീ പഞ്ചായത്തുകൾ മാത്രമേ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഈ നിയോജകമണ്ഡലത്തിൽ നിന്നും സ്ഥലം എം.എൽ.എ. മുഖേന 5 പ്രവൃത്തികൾ ലഭ്യമായിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകളും അനുബന്ധരേഖകളും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധം 2*-ൽ പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ഇ) 2015-16 സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടമായതിനാൽ പുതിയ പ്രവൃത്തികൾക്കുള്ള സമയം അവസാനിച്ചു.

മലയോര വികസന അതോറിറ്റി

12 (1385) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയോര വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും എന്ത് തുക വീതം നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും വകയിരുത്തിയിരുന്ന തുകയും നാളിതുവരെ ചെലവഴിച്ച തുകയും അനുബന്ധം 1 * ആയി കൊടുത്തിരിക്കുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

13 (1387) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ കഴിഞ്ഞത്; ഏതെല്ലാം മേഖലകളിലാണ് പ്രവൃത്തികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly